381 (1574) പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്ത് ജീവനക്കാർക്കുള്ള ശമ്പളം അതാത് പഞ്ചായത്തുകളുടെ തനതു ഫണ്ടിൽനിന്നാണോ നൽകുന്നത്;

(ബി) മിക്ക പഞ്ചായത്തുകളുടെയും തനതുഫണ്ട് മൈനസ്സായതിനാൽ ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫണ്ടിന്റെ കുറവുമൂലം കഴിഞ്ഞമാസത്തിലെ ശമ്പളം നൽകാൻ കഴിയാത്ത എത്ര പഞ്ചായത്തുകൾ ഉണ്ടായിരുന്നു;

(ഡി) പഞ്ചായത്തുകളുടെ തനതുഫണ്ട് പഞ്ചായത്തുകളുടെ ദൈനംദിന ആവശ്യത്തിന് ഉപയോഗിക്കുവാനും ജീവനക്കാർക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) ഉണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അവസരങ്ങളിൽ ജീവനക്കാർക്ക് കഴിവതും വേഗം ശമ്പളം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

382 (1575) പഞ്ചായത്ത് ജീവനക്കാരെ ജി.പി.എഫ്-ൽ ഉൾപ്പെടുത്താൻ നടപടി

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1/94-നു ശേഷം പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം ലഭിച്ചിട്ടുണ്ടോ;

(ബി) പഞ്ചായത്ത് ജീവനക്കാരെ ജനറൽ പ്രോവിഡന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) ഇവരെ ഇപ്പോൾ ഏത് പ്രോവിഡന്റ് പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇപ്രകാരമുള്ള എത്ര ജീവനക്കാർ പഞ്ചായത്തുകളിൽ ഉണ്ട്;

(എഫ്) പഞ്ചായത്ത് ജീവനക്കാരെ ജനറൽ പ്രോവിഡന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly